# ആമുഖം

തലശ്ശേരി സൗത്ത് ഉപജില്ലയിലെ തലശ്ശേരി നഗരസഭയിലെ മീത്തലെ കോടിയേരി വാർഡിൽ, പാറാൽ പോസ്റ്റ് ഓഫീസ് പരിധിയിലെ കോടിയേരി വില്ലേജിലെ പാറേമ്മൽ എന്ന സ്ഥലത്താണ് പാറാൽ ഡിഐയുപി സ്കൂൾ സ്ഥിതി ചെയ്യുന്നത്.

പാറാൽ ചങ്ങനത്തൽ ഇർഷാദ് കമ്മറ്റിയുടെ കീഴിൽ 1979 ലാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. 1983ൽ ആണ് സ്കൂളിന് സ്ഥിരാംഗീകാരം ലഭിച്ചത്. തലശ്ശേരി സൗത്ത് ഉപജില്ലയിലെ വിദ്യാലയങ്ങൾക്കിടയിൽ പഠന പഠനാനുബന്ധ വിഷയങ്ങളിൽ മികവ് നിലനിർത്താൻ കഴിയുന്നത് അഭിമാനാർഹമായ നേട്ടമായി വിലയിരുത്താവുന്നതാണ്.

## പൊതു വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ഡിഐയുപി സ്കൂൾ, പാറാൽ. |
| ജില്ല | : കണ്ണൂർ |
| വിദ്യാഭ്യാസ ജില്ല | : തലശ്ശേരി |
| വിദ്യാഭ്യാസ ഉപജില്ല | : തലശ്ശേരി സൗത്ത് |
| തദ്ദേശ സ്വയംഭരണ സ്ഥാപനം | : തലശ്ശേരി നഗരസഭ |
| വാർഡ് നമ്പർ പേര് | : മീത്തലെ കോടിയേരി. |
| ബി.ആർ.സി | : തലശ്ശേരി സൗത്ത് |
| സി.ആർ.സി | : തലശ്ശേരി 2 |

ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ 1/
വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2. അന്താരാഷ്ട്ര മികവിന് ഉതകുന്ന വിധത്തിൽ ശാസ്ത്രീയമായ പഠന പ്രക്രിയകളോടെ പങ്കാളിത്ത സൗകര്യം വർധിപ്പിക്കുക.

3. 5, 6, 7 ക്ലാസ്സുകളിൽ ക്ലാസടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി-ക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനാവുന്ന പ്രവർത്തന കലണ്ടർ രൂപപ്പെടുത്തൽ.

4. അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

കുട്ടികളുടെ എണ്ണം.

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | | ആകെ. |
|---|---|---|---|
| | ആൺ | പെൺ | |
| V | 16 | 24 | 40 |
| VI | 22 | 24 | 46 |
| VII | 23 | 19 | 42 |
| Total. | 61 | 67 | 128. |

ഇ.മെയിൽ : diups1979 @ gmail.com

മാനേജർ : എം കുഞ്ഞാവദ്

സ്കൂൾ : ലോവർ പ്രൈമറി.

ക്ലാസ്മുറികൾ : 6

പിടിഎ പ്രസിഡന്റ് : കബീർ.

എംപിടിഎ പ്രസിഡന്റ് : ഷക്കീല.

വാർഡ് കൗൺസിലർ : ഷീബ. എം. എം

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിലെ എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട മിനിമം പഠനശേഷികളും യഥാസമയം കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവും കലാപരവും പ്രവൃത്തിപരിചയപരവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിക്കുകയും നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുക.
3. സാമൂഹികമായ മൂല്യങ്ങളും മനോഭാവങ്ങളും എല്ലാ കുട്ടികൾക്കും സ്വായത്തമാക്കാൻ അവസരമൊരുക്കുക.
4. പിന്നോക്കക്കാരെയും സവിശേഷ കഴിവുകളുള്ള കുട്ടികളെയും മികച്ച കുട്ടികളെയും പ്രത്യേക പരിഗണിച്ചു കൊണ്ടുള്ള പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടി

## യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി ബി.ഐ.യു.പി.എസ് എഫ് .എം. അവതരണ മികവ്. | ബി.ഐ.യു.പി.എസ് - എഫ്.എം<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

## യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. 5, 6, 7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ - ഹിന്ദി അക്ഷരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും. അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കിക്കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങളും, അക്ഷരമാല ചാർട്ട്, അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപകർ | PTA |
| 2. ഹിന്ദി വായന: ചെറുകുട്ടികളെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ, അതിന്റെ CD താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപകർ | PTA |
| 3. ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും | ഹിന്ദിമാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങളും ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നതാക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | PTA |

| | | | | |
|---|---|---|---|---|
| നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷാ പരിചയപ്പെടുത്തും. | വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്.....<br>ഹിന്ദിതന്നിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery Fight - മത്സരവായന,- തെറ്റാതെ, ആവർത്തിക്കാതെ, പാസില്ലാതെ കൂടുതൽ വരി വായിക്കണം ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | PTA |

## UP ENGLISH

| Objectives | Activities | Period | Duty | Economic Source |
|---|---|---|---|---|
| 1. Provides opportunities to listen English correctly and speak it easily | * Lend Your Ear: Make them listen simple and fun English recordings. Encourages the child to provide appropriate answers to related questions. | July | English Teacher | English Club. |
| | * Follow Me If You Can: Provides trainging to follow instructions in English | June | English Teacher | |
| | * Breaking News: Plays recorded English radio news. Provides opportunity to hear the correct pronounciation | November | English Teacher | |
| | * Missing Man: The conversation between the teacher and student is recorded and played back to the children. The teacher's speech is removed and only | June | English Teacher. | |

| Objectives | Activities | Period | Duty | Economic Source |
|---|---|---|---|---|
| | the child's speech is played The teacher's part is then presented to the other children to perform. | | | |
| | * Treasure Hunt : Makes different boxes using different objects. He gives a number of to each box and describes the objects he gets through the draw. The children identify the object. Points are awarded. | August | English Teacher | |
| | * Meet the foreigner: Provides an opportunity to communicate with native speakers | Once in a Year | English Teacher | |
| | * One Man Show: Concept is given and mono act in English is encouraged. | October | English Teacher | |

| Objectives | Activities | Period | Duty | Economic Source |
| --- | --- | --- | --- | --- |
| 2-Practicing Expressive Reading | * I too can: Arranges various reading cards at different level. Provides the opportunity to read without mistakes. | July | English Teacher | |
| | * Leaning Ladder: Children are given the opportunity to read ~~without~~ Write a few words on a chart and read them from the mirror Those who guess all the words correctly are able to climb the ladder and win a hidden prize | September | English Teacher | |
| | *F.M. Corner: 7 Provides an opportunity to present different stories in the form of radio drama. | Once in a term | English Teacher | |
| | * Reader of the month: After giving the children | Monthly | English Teacher | |

| Objectives | Activities | Period | Duty | Economic Source |
|---|---|---|---|---|
| | an opportunity to read an English newspaper, reader of the month is honoured. | | | |
| 3. Enables to write English without mistakes. | * My Droplets:<br>Preparing a class magazines and mini dictionary by including children's art works. | At the end of the year. | English Teacher | |
| | * Alert Zone:<br>Displays sign boards, posters and notices throughout the school compound and in classroom | | | |
| | * Run Baby Run:<br>Class is devided into groups After reading the words displayed on the board they write them on a chart without errors. The group that writes the sentences correctly first is declared as the winner. | February | English Teacher | |

| Objectives | Activities | Period | Duty | Economic Source |
|---|---|---|---|---|
| | *Fun Time:<br>Students are given the opportunity to prepare riddles, tricky questions, jokes and present them in the class. | English periods | English Teacher | |
| 4. Improves Confidence in English Language | * The Guard Camp:<br>An English Camp that involves English speaking parents and other individuals creating an English environment. It provides opportunities for children in grades 5, 6. and 7 to come forward with a variety of educational programmes.<br>* Story telling and story writing for class 5, role play for class 6 poetry recitation for class 7 etc<br>The camp ends with a documentary or film show. | At the end of the year. | English Teacher<br>P.T.A.<br>Parents. | |

UP- ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ കുട്ടി പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | <u>ഗണിത ശിൽപശാല</u><br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>(നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, എന്നിവ ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2. രസകരമായ ഗണിത ശാസ്ത്ര പഠനവും കലാ പഠന രീതികളുടെ വികാസവും | <u>ഒറിഗാമി ശിൽപശാല</u><br>ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3 ~~ഗണിത ക്ലബ്~~ ഗണിതശാസ്ത്ര പഠനം എളുപ്പമാക്കാൻ | <u>ഗണിത ക്ലബ്</u><br>പഠനം കുട്ടികൾക്ക് എളുപ്പമാക്കാൻ സ്കൂളിൽ ഗണിത ക്ലബ് രൂപീകരിക്കൽ അതിനായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ | ~~ജൂലൈ~~ മാസം | ഗണിത അധ്യാപകർ | |
| 4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | <u>I.T സാധ്യതകളിലൂടെ</u><br>ഗണിത പ്രവർത്തനങ്ങൾ I.T സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു തവണ | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 5. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി കൂടുതൽ ക്ലാസുകൾ - നൽകി അവരെ മുൻനിരയിലേക്ക് നയിക്കൽ | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 6. വിവിധ ദിനങ്ങളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ആസൂത്രണം ചെയ്യുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | അധ്യയന വർഷം | SRG | |

## യു. പി. സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | അക്കാദമിക്-കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കൽ | Virtual Field Trip ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 3) ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുത്തൽ. | വിദ്യാലയത്തിൽനിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ രക്ഷിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതിതാണ്ഡവം: നേർക്കാഴ്ച. ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ചിത്രങ്ങളടങ്ങിയ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) സഹജീവികളോട് സമഭാവന പുലർത്തി ഇടപെടാൻ ബോധം സാധിപ്പിക്കുന്നു. | നന്മയുടെ നിറക്കൂട്ട്. വിദ്യാലയത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസമെത്തിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ. |
| 6) വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം. സാമൂഹ്യശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നി | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | [illegible] വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7) സിസ്റ്റമിക വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളേ? (ഫീൽഡ് ട്രിപ്പ്, സർവ്വേ) പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. |
| 8) സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | ചിന്താചക്രവാളത്തിലേക്ക്. സിവിൽ സർവ്വീസ് പരീക്ഷകളെ പിന്നീട് പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊരുതിവിജയം വരിക്കാൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടുന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

മേഖല - യു.പി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | കണ്ടറിയാനൊരു യാത്ര: വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ.<br>പരീക്ഷണക്കളരി: നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം.<br>ജൂലൈ<br>ജൂൺ മുതൽ | ശാസ്ത്രാധ്യാപിക, സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ P.T.A |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് [cut off] | മാസ്റ്റർ മൈൻഡ്: സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | എക്സ്പോ — എക്സ്പോർ<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | മുഖാമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി. ശാസ്ത്ര ആശയങ്ങൾ പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ്. |
| | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്രവിസ്മയങ്ങൾ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ | |
| 3, ശാസ്ത്രബോധത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര.<br>I.C.T യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് പകർത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ. | Inspire Award പോലുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കുവേണ്ടി കുട്ടികളെ പ്രാപ്തരാക്കുന്നു. | അക്കാദമി കൗൺസിൽ | ശാസ്ത്രാധ്യാപിക സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ സയൻസ് ക്ലബ്ബ് |
| | | | | |

ഡി ഐ യു പി സ്കൂൾ പാറാൽ

# അക്കാദമിക

# മാസ്റ്റർ

# പ്ലാൻ

# 2025...2026